പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 959

03.12.2014 ന് മറുപടിയ്ക്ക്.

## പ്ലയ്സ്മെന്റ് പോർട്ടൽ വഴി തൊഴിലവസരങ്ങൾ കണ്ടെത്തുന്ന പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.ഡി. സതീശൻ :<br>ശ്രീ. വർക്കല കഹാർ :<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :<br>ശ്രീ. ഷാഫി പറമ്പിൽ : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) പ്ലയ്സ്മെന്റ് പോർട്ടൽ വഴി തൊഴിലവസരങ്ങൾ കണ്ടെത്തുന്ന പദ്ധതി ഐ.റ്റി.ഐ കളിൽ നടപ്പാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;<br><br>(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | (എ) & (ബി) ഉണ്ട്. സ്കിൽ ജോബ്സ് പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നവരുടെ വിവരങ്ങൾ തൊഴിൽ ദായകർക്ക് സൗകര്യപ്രദമായ രീതിയിൽ ലഭ്യമാക്കുന്ന തരത്തിലാണ് സംവിധാനം ഒരുക്കിയിട്ടുള്ളത്. സ്കിൽ പരിശീലനം നേടിയവർക്ക് അവരവരുടെ സ്കിൽസിന് അനുയോജ്യമായ തരത്തിലുള്ള തൊഴിൽ ലഭ്യമാക്കുന്നതിന് അവസരമൊരുക്കുന്നതു വഴി കേരളത്തിലെ തൊഴിലില്ലായ്മയ്ക്ക് ഒരു പരിധിവരെ പരിഹാരം കാണുന്നതിന് ഈ പദ്ധതി സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) പ്രസ്തുത പദ്ധതിയിൽ തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത് ; | (സി) www.skilljobs.kerala.gov.in എന്ന അഡ്രസ്സിൽ പരിചയ സമ്പന്നരായ ഏതൊരു ഐ.ടി.ഐ. സർട്ടിഫിക്കറ്റുകാർക്കും സൗജന്യമായി പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. കാലാകാലങ്ങളിൽ ഇവർ ആർജ്ജിക്കുന്ന ഉയർന്ന സ്കിൽ/വിദ്യാഭ്യാസ യോഗ്യതകളും ഇതിനോടൊപ്പം കൂട്ടിച്ചേർക്കുന്നതിനുള്ള അവസരവും ഉണ്ട്. തൊഴിൽ ദാതാക്കൾക്കും ഈ പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതിനും അവരുടെ സ്കിൽ ആവശ്യകത വ്യക്തമാക്കുന്നതിനും സംവിധാനം ഉണ്ട്. തൊഴിൽ ദാതാക്കളെയും തൊഴിൽ അന്വേഷകരെയും ഇടനിലക്കാരുടെ സഹായമില്ലാതെ പരസ്പരം ബന്ധിപ്പിക്കുന്ന കണ്ണിയായി വളരെ പ്രധാനപ്പെട്ട സേവനം ജോബ് പോർട്ടലിലൂടെ നൽകുവാൻ സാധിക്കും. |

(ഡി) സംസ്ഥാനത്തെ എല്ലാ ഐ.റ്റി.ഐ കളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

(ഡി) ഈ പദ്ധതി പ്രത്യേകിച്ച് ഓരോ ഐ.ടി.ഐ. കളിലും നടപ്പിലാക്കേണ്ട ആവശ്യമില്ല. കമ്പ്യൂട്ടറും ഇൻർനെറ്റ് സൗകര്യവും ലഭ്യമായ എവിടെ നിന്നും ഈ പോർട്ടലിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. എല്ലാ ഐ.ടി.ഐ. കളിലും ഈ പോർട്ടലിനെപ്പറ്റി അറിവും പ്രചാരവും നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ